| | |
|---|---|
| TOWN BANK | **PAYYANUR CO-OPERATIVE TOWN BNK LTD. No.C.827**<br>Head office. P. B. No. 13, H. O. Payyanur - 670 307.<br>Ph:04985-202930. Email:pnrctb@gmail.com. Web:<br>www.payyanurtownbank.com |

**വസ്തു വിൽപ്പനയുടെ നിബന്ധനകൾ :**

1) ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ഇ.എം.ഡി. ആയി പയ്യന്നൂർ കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്കിന്റെ പേരിൽ പയ്യന്നൂരിൽ മാറാവുന്ന ഡ്രാഫ്റ്റ് സഹിതം, ക്വട്ടേഷൻ, 'ടെണ്ടർ ഫോർ പ്രോപ്പർട്ടി' എന്നെഴുതി ഒട്ടിച്ച കവറിൽ 15-02-2022 ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി പയ്യന്നൂർ കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് ഓഫീസിന്റെ റിക്കവറി ഡിപ്പാർട്ട്മെന്റിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ കവറുകൾ ലേല/വിൽപ്പന തീയതി ദിവസം (15/02/2022)ഉച്ചയ്ക്ക് 2 മണിക്ക് പയ്യന്നൂർ കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്കിന്റെ ഹെഡ്ഢോഫീസിൽവെച്ച് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ തുറക്കുന്നതും തൽസമയം ക്വട്ടേഷൻ/ടെണ്ടർ സമർപ്പിച്ചവർ ഹാജരാകേണ്ടതുമാണ്.

2) വിൽപ്പന വസ്തു ഇപ്പോൾ ഇരിക്കുന്ന അതേ അവസ്ഥയിൽ ആയിരിക്കുന്നതും (As is where is & whatever there is condition) വിൽപ്പനയിലുണ്ടാകുന്ന കാലതാമസത്തിനോ വസ്തുവിനുണ്ടായേക്കാവുന്ന നിയമപരമായ ബാദ്ധ്യതകൾക്കോ ബാങ്കിന് യാതൊരു ഉത്തരവാദിത്തവും ഇല്ലാത്തതുമായിരിക്കും. ബാങ്കിന്റെ അറിവിൽ ഇപ്പോൾ ഇതിന്മേലുള്ള ബാദ്ധ്യത ബാങ്കിന് കിട്ടാനുള്ള തുക മാത്രമാകുന്നു.

3) ടെണ്ടർ കവറുകൾ തുറന്നതിനുശേഷം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ഉചിതമെന്ന് തോന്നുന്നപക്ഷം ലേലത്തുക വർദ്ധിപ്പിക്കാൻ വേണ്ടി ടെണ്ടർ സമർപ്പിച്ചിട്ടുള്ളവർക്കിടയിൽ പ്രത്യേക ലേലം നടത്തുവാൻ അധികാരമുള്ളതാകുന്നു.

4) ലേലം ഉറപ്പിക്കുന്ന പക്ഷം ലേലത്തിൽ വിജയിക്കുന്ന ആൾ ലേലത്തുകയുടെ 25% തുകയിൽ നിന്നും ഇ.എം.ഡി. കഴിച്ചുള്ള ബാക്കി തുക ഉടനെ കെട്ടിവയ്ക്കേണ്ടതും, ബാക്കിത്തുക 15 ദിവസത്തിനകം അടക്കേണ്ടതുമാണ്. ആയതിൽ വീഴ്ച വരുത്തിയാൽ ഇ.എം.ഡിയും അടച്ച തുകയും തിരിച്ചു നൽകാത്തതും പ്രസ്തുത വസ്തു രണ്ടാമത്തെ ഉയർന്ന ലേലക്കാരന് വിൽക്കുവാനോ ആവശ്യമെങ്കിൽ പുനർലേലം നടത്തുവാനോ അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്. മറ്റുള്ള ലേലക്കാർക്ക് ഇ.എം.ഡി തിരിച്ചു നൽകുന്നതായിരിക്കും.

5) വിൽപന തുകയും ചെലവുകളും അടച്ച് തീർത്തതിന് ശേഷം വസ്തു രജിസ്റ്റർ ചെയ്ത് നൽകുന്നതിനായി ലേലത്തിൽ വസ്തു വാങ്ങുന്ന ആൾ ആയതിന്റെ രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി മുതലായ ചെലവുകളും വഹിക്കേണ്ടതാണ്.

6) വസ്തു വിൽപനയുമായി ബന്ധപ്പെട്ട് ആദായ നികുതി അടക്കേണ്ടതുണ്ടെങ്കിൽ ആയത് വസ്തു വാങ്ങുന്ന ആളുടെ ഉത്തരവാദിത്വമായിരിക്കും.

7) വസ്തുവിന്റെ വിൽപന അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കും. യാതൊരു കാരണവും കാണിക്കാതെ ടെണ്ടറുകൾ നിരസിക്കുവാനോ, ലേലം അസ്ഥിരപ്പെടുത്തുവാനോ, നീട്ടിവെക്കുന്നതിനോ അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കും. മുൻകൂട്ടി അറിയിച്ചതിനുശേഷം എല്ലാ പ്രവർത്തി ദിവസങ്ങളിലും പകൽ 10 മണിക്കും 3 മണിക്കും ഇടയിൽ വസ്തു വഹകൾ പരിശോധിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ചീഫ് എക്സികുട്ടീവ് ഓഫീസറുമായോ റിക്കവറി ഓഫീസറുമായോബന്ധപ്പെടാവുന്നതാണ്.

(ഫോൺ:04985-202930,9400064101,9400064113,9400064112).

ഒപ്പ്
അധികാരപ്പെടുത്തിയ ഓഫീസർ (സർഫേസി ആക്ട്)

തീയതി: 28/01/2022
സ്ഥലം: പയ്യന്നൂർ

പയ്യന്നൂർ സഹകരണ ടൗൺ ബാങ്ക് ലി.,